**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5383 18-11-2019-ൽ മറുപടിയ്ക്ക്

## വികസന പദ്ധതികൾ എം.എൽ.എ.-മാരെ അറിയിക്കാൻ നടപടി

**ചോദ്യം**

ശ്രീ.എൻ.ഷംസുദ്ദീൻ

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ യഥാസമയങ്ങളിൽ എം.എൽ.എ.-മാരെ അറിയിക്കുന്നത് സംബന്ധിച്ച് പൊതുഭരണ വകുപ്പ് എന്തെങ്കിലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 21/11/2011 ലെ 77369/സിഡിഎൻ4/11/പൊഭവ നമ്പർ സർക്കുലർ പ്രകാരം വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും നിജസ്ഥിതി, സ്ഥലം എം.എൽ.എ മാരെ അറിയിക്കണമെന്നും വിവിധ പ്രോജക്റ്റുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എമാർക്ക് കൂടി ലഭ്യമാക്കാനും നിർദ്ദേശംനൽകിയിട്ടുണ്ട്. |
| (ബി) | പല വകുപ്പുകളും വികസന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ.-മാർക്ക് യഥാസമയം നൽകാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**